MR. M. K. NEELAKANTAN: Is the Committee entitled to co-opt?

PRESIDENT: Order, order. There is one difficulty. There will be complaints from hundreds of people.

MR. K. G. KUNJUKRISHNA PILLAI: I assure Mr. Neelakantan, that neither your interests nor the interests of your community will suffer at the hands of the Committee. The Committee merely wants to consider certain systems of marriage, inheritance and other incidental matters, so that some uniform law may be enacted. I think Mr. Neelakantan will also come to the conclusion that this bill will also come within the purview of the Committee.

PRESIDENT: In this case the technical procedure will be followed.

MR. K. G. KUNJUKRISHNA PILLAI: All that could be done in this House is to carry a motion "that the Bill be circulated."

MR. N. VELU ACHARI: ഇത സഭയിൽ ഇപ്പോൾ രീതമാനിച്ചുപോലെ ചെയ്യുന്നതു് എനിക്കു സമ്മതമാണു്.

PRESIDENT: Somebody will formally move.

MR. G. NEELAKANTAN: Sir, I certainly agree to the arrangements proposed by the honourable member. But at the same time I must say that in regard to the Bill the members who have spoken on the subject are entirely wrong. I must say that. I have been working for the last so many years and I know the opinion of the people ather than anybody else. I may also point out that since the Government now propose to appoint an expert committee to consider the claims of all the Hindus I do not press.

MR. K. G. KUNJUKRISHNA PILLAI: I move that the Bill be circulated.

MR. PULIYOOR T. P. VELAYUDHAN PILLAI: I second it.

MR. A. P. UDAYABHANU: I also second it.

The motion that the Bill be circulated was put and carried.

THE TRAVANCORE ANTI-DOWRY BILL.

MR. K. A. MOHAMED (*Quilon cum Kottarakara*): സർ, കഴിഞ്ഞപ്രാവശ്യം സ്ത്രീധന നിരോധനബില്ലിന്റെ തത്വത്തെ അനുകൂലിച്ചു് ഞാൻ പ്രസംഗിച്ചു. ശ്രീമതി, നാരായണിഅമ്മയുടെ സ്ത്രീധനനിരോധനബില്ലിന്റെ തത്വത്തോടു ഞാൻ ഇപ്പോഴും അനുകൂലിക്കുന്നു. ഞാൻ അതിനോടു യോജിക്കുവാനുള്ള കാരണം ഞാനൊരു മുസ്ലീം ആയതുകൊണ്ടാണു്. ഞങ്ങളുടെ ആചാരമര്യാദയും നിയമവ്യവസ്ഥകളും അനുസരിച്ചു സ്ത്രീധനം കൊടുക്കേണ്ടുന്ന ആവശ്യമില്ല; എന്നുമാത്രമല്ല പുരുഷന്മാർ സ്ത്രീകൾക്കു ധനം കൊടുത്തു് വിവാഹം ചെയ്യണമെന്നാണു് ഞങ്ങളുടെ നിയമം. ആ നിലയ്ക്കാണു് ഞങ്ങളുടെ നിയമത്തിൽ 'മഹർ' എന്ന പേരിൽ പുരുഷന്മാർ സ്ത്രീകൾക്കു കുറേയൊട്ടു എന്തെങ്കിലും കൊടുക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Mohamed]

അതുകൊണ്ട് സ്ത്രീധനം വേണ്ടെന്നുവെച്ചാൽ അതിനെ ഫാർത്തമായി സപ്പി കരിക്കുവാൻ തയ്യാറുള്ളവർ ഞങ്ങളാണ്. പക്ഷേ ഇതുപോലെയുള്ള ഒരു നിയമം സഭയിൽ കൊണ്ടുവരുമ്പോൾ, അതായത് ഒരു പ്രത്യേകസമുദായത്തെ സാരമായി ബാധിക്കുന്ന ഒരു ബിൽ കൊണ്ടുവരുമ്പോൾ, അതിനെ എങ്ങനെയാണ് ഞങ്ങൾ സപ്പീകരിക്കേണ്ടതെന്നു പ്രശ്നമാണ് ഇപ്പോൾ എന്നെ ഇന്ന് ഈ ബില്ലിനെ അതിന്റെ ഇന്നത്തെ രൂപത്തിൽ എതിർക്കുന്നതിനു പ്രേരിപ്പിക്കുന്നതു. ഈ ബിൽ നിയമമായാൽ അതു പ്രധാനമായി ബാധിക്കുന്ന സമുദായങ്ങൾ രണ്ടാണ്. അതു് ക്രിസ്ത്യൻ സമുദായവും ബ്രാഹ്മണസമുദായവും ആണ്. ക്രസ്ത്രീയ സമുദായക്കാക്ക് ക്രസ്ത്യൻ സക്സഷൻ ആക്ട് എന്നൊരു പ്രത്യേക നിയമമുണ്ട്. അതനുസരിച്ച് അവരുടെ സ്ത്രീകൾക്കു പിൻതുടർച്ചാവകാശമില്ലാതെ അവർക്കു സ്ത്രീധനവ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ ബ്രാഹ്മണർക്കും സ്ത്രീധന സമ്പ്രദായമുണ്ട്. തന്മൂലം അവർക്കു പിൻതുടർച്ചാവകാശ വ്യവസ്ഥയില്ല. എന്നാൽ നായന്മാർക്കോ, ഈഴവർക്കോ ഈ സ്ത്രീധന വ്യവസ്ഥയില്ല. അവർക്ക് പിൻതുടർച്ചാവകാശവ്യവസ്ഥയാണുള്ളതു. എന്നാൽ പിൻതുടർച്ചാവകാശം ഇല്ലാത്തവരും സ്ത്രീധനം കിട്ടാൻ അവകാശമുള്ളവരുമായ സമുദായങ്ങളെ ബാധിക്കുന്ന, ഇതുപോലെയുള്ള ഒരു ബില്ല നിയമം ആക്കണമോ വേണ്ടയോ എന്നു പറയേണ്ടതു ആ സമുദായത്തിൽപ്പെട്ടവരാണ്. അവരുടെ ഇടയിൽ സ്ത്രീധനം കൊടുക്കണമെന്ന നിയമം ഇല്ലാത്തതുകൊണ്ട് സ്ത്രീധനം ആവശ്യമില്ലെന്ന് അവർക്കു പറയാം. മി. ചാഴിക്കാട്ടു ജോസഫ് പറഞ്ഞതുപോലെ ഏതെങ്കിലും ഒരു ജനസമുദായത്തിനെ സാരമായി ബാധിക്കുന്ന ഒരു ബിൽ കൊണ്ടുവന്ന് നിയമസഭയിൽ ഭൂരിപക്ഷം കിട്ടുമെന്ന കാരണത്താൽ പാസ്സാക്കിയാൽ അതു് അവർക്ക് ദോഷകരമായിരിക്കുമെന്നുമാത്രമല്ല അതു നാം ആ സമുദായത്തോടു ചെയ്യുന്ന ഒരു വലിയ അനീതിയുമായിരിക്കും. ഇവിടെതന്നെ സ്പെഷ്യൽ മാരേജ് ബിൽ നിയമസഭയിൽ കൊണ്ടുവന്നപ്പോൾ മുസ്ലീങ്ങളെ അതിൽനിന്ന് ഒഴിവാക്കണമെന്നും മുസ്ലീങ്ങളുടെ ഇടയിൽ ആ ബില്ലിനെക്കുറിച്ചു എതിരഭിപ്രായമുണ്ടെന്നും ഞങ്ങൾ വ്യക്തമാക്കിയപ്പോൾ ഭൂരിപക്ഷം കിട്ടിയെന്ന കാരണത്താൽ അതു പാസ്സാക്കി ഞങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണു ചെയ്തതു.

PRESIDENT: Order: order. Does the honourable member realise that this is why Government accepted an amendment for getting the powers of exemption. Is not the honourable member aware that in the case of Muslims that exemption has been very liberally granted in the special circumstances of the community?

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MAHOMED : ഗവണ്മെൻറിന്റെ പ്രത്യേകാധികാരത്തേയും സൗജന്യത്തേയും ആശ്രയിക്കേണ്ട ഒരവസ്ഥ ഞങ്ങൾക്ക് അങ്ങനെ വന്നുകൂടി.

അങ്ങനെ നോക്കുന്ന പക്ഷം ഒരു ന്യൂനപക്ഷസമുദായത്തെ ബാധിക്കുന്ന യാതൊരു നിയമവും, ഈ സഭയിൽ ഭൂരിപക്ഷമുണ്ടെന്ന കാരണത്താൽ പാസ്സാക്കാൻ പാടില്ലാത്തതാണ്. അഥവാ ആ നിലയിൽ പാസ്സാക്കയാണെങ്കിൽ അതിൽ ഉൾപ്പെട്ടുന്ന ആളുകൾക്ക് അതിൽ നിന്നും ഒഴിഞ്ഞു നിൽക്കുവാനുള്ള പ്രത്യേക വ്യവസ്ഥകളും ഉണ്ടായിരിക്കേണ്ടതാണ്. ബ്രാഹ്മണരേയും അതുപോലെതന്നെ ക്രിസ്ത്യാനികളേയും ആണ് ഈ ബിൽ സാരമായി ബാധിക്കുന്നത്. അതുകൊണ്ട് ആ സമുദായത്തിലുള്ളവരിൽ ചിലർ ഈ ബില്ലിൽനിന്ന് അവരെ ഒഴിവാക്കണമെന്ന പറയുമ്പോൾ, നാം അതിനെ അനുകൂലിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

RAO SAHIB A. K. BHASKAR : (*Quilon cum Kottarakara*) ക്രിസ്ത്യാനികളേയും ബ്രാഹ്മണരേയും ഒഴിവാക്കിയാൽ പിന്നെ ആക്കാണ് ഇതു് ആവശ്യമുള്ളതു് ?

MR. K. A. MAHOMED : വേറെ ആർക്കും ഇതാവശ്യമില്ലെങ്കിൽ ഈ സഭ ഈ ബില്ല് തള്ളിക്കളയേണ്ടതാണ്. എന്നാൽ ഒരു അനാചാരം എന്ന നിലയിൽ സ്ത്രീധന വ്യവസ്ഥ ഇല്ലായിരുന്ന ചില സമുദായങ്ങളിലും ഇതു കടന്നുകൂടിയിട്ടുണ്ടെന്നുള്ള പരമാർത്ഥം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ ഇതുപോലെയുള്ള സാമൂഹ്യപരിഷ്കരണനിയമങ്ങൾ വെറും ഭൂരിപക്ഷംകൊണ്ടു നിയമമാക്കിയാൽ അതിന്റെ ഉദ്ദേശം പലപ്പോഴും സഫലമായില്ലെന്നു വരും. ഇങ്ങനെയുള്ള പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നിയമങ്ങൾ നമ്മുടെ നിയമസംഹിതയിൽ സ്ഥലം പിടിക്കുന്നതിനുമുമ്പു്, ഇതുപോലുള്ള നിയമങ്ങൾ സ്വീകരിക്കുന്നതിനു സമുദായത്തെ സന്നദ്ധമാക്കേണ്ടതുണ്ട്. ക്ഷേത്രപ്രവേശനവിളംബരത്തിന്റെ വിജയത്തിനുള്ള കാരണം അതു സ്വീകരിക്കുന്നതിനു ഹിന്ദുസമുദായത്തെ ഒന്നടങ്കം സന്നദ്ധമാക്കിയിട്ടാണു് അതു വിളംബരം ചെയ്തതു എന്നുള്ളതാണ്. അതുപോലെതന്നെ സ്ത്രീധന നിരോധനത്തെ സംബന്ധിച്ചു പൊതുജനാഭിപ്രായം വേണ്ടതു പ്രബുദ്ധമാക്കിയിട്ടുവേണം അതിനു വേണ്ടി നിയമനിർമ്മാണം ചെയ്യുവാൻ.

ഈ നിയമം സാരമായി ബാധിക്കാവുന്ന ക്രൈസ്തവ സമുദായവും ബ്രാഹ്മണസമുദായവും ഈ നിയമത്തെ സ്വാഗതം ചെയ്യുന്നില്ല എന്നുള്ളതുതന്നെ ഈ ബില്ലിന്റെ ഏറ്റവും വലിയ പോരായ്മയാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN : ആ സമുദായത്തിൽപ്പെട്ട ആരെങ്കിലും ഇതു വേണ്ടെന്നു പറഞ്ഞിട്ടുണ്ടോ ?

MR. K. A. MAHOMED : ഇതു ഒരു നെഗറ്റിവു കപാസ്റ്റ്യൻ ആണ്. ആവശ്യപ്പെട്ടിട്ടുണ്ടോ എന്നു ചോദിച്ചാൽ വേണ്ടെന്നു പറഞ്ഞിട്ടുണ്ടോ എന്നു ചോദിക്കുക സഹജമാണ്.

MR. CHAZHIKKATTU JOSEPH : അഡ്വക്കേറ്റ് മിസ്സ്. കെ. വി. മറിയ്ക്കുട്ടിയും മറും (വനിതാമിത്രം) എന്ന പേപ്പറിൽ ദീർഘ ലേഖനങ്ങൾ എഴുതി, ഇതു പാസ്സാക്കാൻ പാടില്ലെന്നു പറഞ്ഞിട്ടുള്ളതായി അറിയാമോ ?

MR. K. A. MAHOMED : അറിഞ്ഞുകൂടാ.

PRESIDENT : I may say at once; speaking for one community which is likely to be affected by this measure that there have been attempts to crystallise public opinion in British India with regard to the Brahmin community for some time. Those attempts have not been successful. As a matter of fact, in some parts of the country, it was considered rather difficult. I have heard it said 'I shall not be able to live in my village if I do not get a dowry or if I do not give a dowry. So far as villages are concerned, therefore they are in favour of the dowry system. In most of the cities like Madras, Madura and Trichinopally however, the opinion is very strong against the dowry system. Educated opinion is in favour of the abolition of the dowry system. That is the position so far as British India is concerned.

MR. K. A. MOHAMED : ക്രിസ്ത്യാനികളുടെ ഇടയിലാണെങ്കിൽ വിദ്യാസമ്പന്നകളായ ധാരാളം സ്ത്രീകളുണ്ട്. അവർക്കു അവരുടെ അവകാശങ്ങളെക്കുറിച്ചു വാദിക്കുവാൻ കഴിവുണ്ട്. ബ്രാഹ്മണരും ഇതിനെ സംബന്ധിച്ചു വേണ്ടത്ര പ്രചരണം നടത്തുന്നതിനും, പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും കഴിവുള്ളവരാണ്. ഈ നിയമം സാരമായി ബാധിക്കാവുന്ന ഈ രണ്ടു സമുദായങ്ങളും ഇതിനെ സംബന്ധിച്ചു മൗനം ഭജിക്കുക മാത്രമല്ല അവർ ഇതിനെ എതിർക്കുകകൂടി ചെയ്യുന്നു. ആ നിലയ്ക്കു അവരുടെ അഭിലാഷങ്ങൾക്കു എതിരായി വെറും ഭൂരിപക്ഷം കിട്ടുമെന്നുള്ള കാരണത്താൽ ഈ ബില്ലു നിയമമാക്കുവാൻ ഈ സഭ അനുവദിക്കുന്നതു മേൽ പറഞ്ഞ സമുദായങ്ങളോടു കാണിക്കുന്ന ഒരു വലിയ അപരാധമാണ്. ഈ ബില്ലു നിയമമാക്കുന്നപക്ഷം മേൽ പറഞ്ഞ രണ്ടു സമുദായങ്ങളുടേയും പിൻതുടർച്ചാവകാശത്തെപ്പറ്റെ പുനർ സംഘടിപ്പിക്കേണ്ടതായി വരും. അതിൽ അവരുടെ അഭിപ്രായം എന്താണെന്നു അറിയാതെ ഈ ബില്ലു ഈ സഭ പാസ്സാക്കുന്നപക്ഷം ഈ ബില്ലുകൊണ്ടു ഉദ്ദേശിക്കുന്ന ഗുണത്തേക്കാൾ കൂടുതൽ ദോഷം സ്ത്രീകൾക്കു ഉണ്ടാകുമെന്നുള്ളതു സ്പഷ്ടമാണ്. ദൃഷ്ടാന്തമായി

LIBRARY ARCHIVES Kerala Legislative Assembly

ക്രിസ്ത്യൻ സക്സഷൻ ആക്ടറും പ്രകാരം ഇന്ന സ്ത്രീധനാവകാശമുള്ള സ്ത്രീകൾക്ക നാളെ മുതൽ അവരുടെ കുടുംബസ്വത്തുക്കളിൽ യാതൊരു വിധമായ അവകാശവും ഇല്ലാതെ വരുന്നു. അതുകൊണ്ട് സ്ത്രീകളെ രക്ഷിക്കുവാനാണ് ശ്രീമതി നാരായണി അമ്മ ഈ ബില്ലുകൊണ്ടു ഉദ്ദേശിക്കുന്നതെങ്കിൽ, ഈ നിയമം പാസ്സാക്കുന്നതിനു മുൻപായി സ്വത്തു അവകാശം ഇല്ലാത്ത സ്ത്രീകൾക്ക് സ്വത്തു അവകാശംകിട്ടത്തക്ക വ്യവസ്ഥ ചെയ്തിട്ട സ്ത്രീധനനിരോധന നിയമം പാസ്സാക്കേണ്ടതാണ്. ഇങ്ങനെ ഉദ്ദേശത്തിലും ഫലത്തിലും സ്ത്രീകൾക്ക ദോഷമായിരിക്കുന്ന ഈ ബില്ല ഈ നിലയിൽ നിയമമാക്കുവാൻ അനുവദിക്കുവാൻ പാടുള്ളതല്ല. ബ്രാഹ്മണർക്കും ക്രിസ്ത്യാനികൾക്കും ഇന്നത്തെ സ്ത്രീധന സമ്പ്രദായം കൊണ്ടു ദോഷമുണ്ടെന്നും അതുകൊണ്ടു അവർ ഈ നിയമത്തെ സ്വാഗതംചെയ്യുവാൻ സന്നദ്ധരാണെന്നും കാണുന്നപക്ഷം നമുക്ക എല്ലാവർക്കും ചേർന്ന ഈ നിയമത്തിനുവേണ്ടി വോട്ടു ചെയ്യാം. അല്ലാതെ ന്യൂനപക്ഷങ്ങളുടെ അഭിലാഷങ്ങൾക്ക എതിരായി ഭൂരിപക്ഷം പ്രവർത്തിക്കുന്നപക്ഷം അതു എപ്പോഴും അശുഭകരമായിരിക്കും അസ്വാസ്ഥ്യങ്ങൾക്കും വഴി തെളിക്കുന്നതാണ്. അതുകൊണ്ടു ഞാൻ പറയുന്നതു ഈ രണ്ടു സമുദായങ്ങൾക്കും എതിരായുള്ള ഈ ബില്ല ഈ സഭ പാസ്സാക്കുവാൻ പാടില്ലെന്നാണ്.

MR. VARGHESE ITHAC: (*Vaikom cum Kottayam*) സർ; ശ്രീമതി നാരായണി അമ്മ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന സ്ത്രീധനനിരോധനബില്ലിൽ വളരെ വ്യാപകമായ വിധത്തിൽ കഴിഞ്ഞ അസംബ്ലിയിൽ വിമർശനം ചെയ്യപ്പെട്ടിട്ടുള്ളതായിരുന്നു. പൊതു ജനാഭിപ്രായത്തെ ആദരിച്ച് ഈ ബിൽ, ഈ സഭയുടെ അഭിപ്രായത്തിനായി അവതരിപ്പിച്ചിരിക്കുന്നതുകൊണ്ട് എന്റെ സമുദായത്തിന്റെ അഭിപ്രായം ആ സമുദായത്തിലെ ഒരംഗമെന്നനിലയിൽ ഇവിടെ രേഖപ്പെടുത്തണമെന്നാണ് എന്റെ പ്രധാനമായ ഉദ്ദേശം. സ്ത്രീധനം വളരെ സ്വാഭാവികമായ ഒരു ഏർപ്പാടാണ്. മാതാപിതാക്കന്മാർ അവരുടെ സന്താനങ്ങൾക്ക് സ്വാഭാവികമായിത്തന്നെ അവരുടെ സ്വത്തിന്റെ ഏതെങ്കിലും ഒരു ഭാഗം കൊടുക്കാൻ താല്പര്യപ്പെടുകയെന്നുള്ളതു മനുഷ്യസഹജമായ ഒരു കൃത്യം മാത്രമാണ്. എന്നാൽ ക്രിസ്ത്യാനികൾക്കോ, ബ്രാഹ്മണർക്കോ, മാതാപിതാക്കന്മാരുടെ സ്വത്തിന്ന് സ്ത്രീസന്താനങ്ങൾക്ക് അവകാശമില്ലെന്നും പുരുഷസന്താനങ്ങൾക്കുമാത്രമേ അവകാശമുള്ളൂ എന്നും ഉള്ള ഒരു നിയമമുണ്ട്. സാധാരണ നിയമമനു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Varghese Ithac]

സരിച്ച് ഒരു സ്ത്രീ ഭർത്താവിന്റെ ഗൃഹത്തിൽ പോയാൽ അവർക്ക് അവരുടെ സ്വന്തമായിട്ട് ഏതെങ്കിലും സ്വത്തുക്കളോ മറ്റുവല്ല ധനമോ ഇല്ലെങ്കിൽ അവരോട് ഭർതൃഗൃഹത്തിലുള്ളവർ നല്ലവണ്ണം പെരുമാറുകയില്ലെന്ന വന്നേക്കാവുന്നതാണ്. എന്നാൽ നേരേമറിച്ച് അവർ പോകുമ്പോൾ സ്ത്രീധനമായിട്ട് ഏതെങ്കിലും കൊണ്ടുപോകുകയാണെങ്കിൽ അവരുടെ പെരുമാറ്റത്തിന് പാടെ ഒരു മാറ്റം സംഭവിക്കുന്നതാണെന്നുള്ളതിന് സംശയമില്ല. അങ്ങനെയുള്ള സ്ത്രീക്കേ ഭർതൃഗൃഹത്തിൽ സമാധാനത്തോടുകൂടി ജീവിക്കുന്നതിന് സാധിക്കയുള്ളൂ. മാത്രമല്ല, ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിന് മുമ്പ് ഈ സ്ത്രീധനം നിലവിലിരിക്കുന്ന ഏതെങ്കിലും സമുദായത്തിന്റെ അഭിപ്രായം ആരായുകയോ മറ്റോ ചെയ്യാതെ സ്ത്രീധനം നിലവിലില്ലാത്ത ഒരു സമുദായത്തിലെ അംഗമായ ഒരു മെമ്പർ ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിൽനിന്നും ഇതിന്റെ ഉദ്ദേശശുദ്ധിയെപ്പറ്റി സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെ സംബന്ധിച്ചിടത്തോളം ചില അഭിപ്രായങ്ങൾ പുറപ്പെടുവിക്കേണ്ടതു് എന്റെ കടമയാണു്. ദരിദ്രരേയും പണമില്ലാത്തവരേയും സഹായിക്കുക എന്നുള്ളതാണ് ഈ ബില്ലിന്റെ പ്രധാന ഉദ്ദേശമെന്ന് പറകയും ഒരു സ്പെഷ്യൽ കേസ്സായി ൫൦൦൦ രൂപാവരെയുള്ള ഒരു സംഖ്യ വിവാഹംകഴിഞ്ഞു് പിതാവിന്റെ സ്വത്തായി സ്ത്രീക്കു കൊടുത്തയയ്ക്കുന്നതിൽ യാതൊരുവിരോധവും ഇല്ലെന്നും പറയുന്നുണ്ട്. വിവാഹം ചെയ്തുകൊടുക്കുന്നതിനുതന്നെ നിവൃത്തിയില്ലാതെ വളരെ ബുദ്ധിമുട്ടനുഭവിക്കുകയും മറ്റും ചെയ്തിട്ടുള്ള ഒരു പിതാവിന് പിന്നെ എപ്പോഴാണ് തന്റെ സന്താനത്തിന് ഈ ൫൦൦൦ രൂപ കൊടുക്കുവാൻ സാധിക്കുന്നത്? അതുകൊണ്ടു് അയാൾ മകളുടെ വിവാഹസമയത്തു വല്ലതും സ്ത്രീധനമായി കൊടുത്തയയ്ക്കുകയാണെങ്കിൽ ആ സ്ത്രീയെ ഭർതൃഗൃഹത്തിലുള്ളവർ ബഹുമാനിക്കുകയും പിതാവിന് മകളെസംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടും ഇല്ലാതാകുകയും ചെയ്യുന്നു. നേരേമറിച്ച് കുബേരനായ ഒരു ധനാഢ്യനെ സംബന്ധിച്ചിടത്തോളം അയാൾ അയാളുടെ മകൾക്ക് അയാളുടെ സ്വത്തിന്റെ ഒരുഭാഗം, കൊടുത്തയയ്ക്കുന്നതു് — സ്ത്രീധനമായി കൊടുത്തയയ്ക്കുന്നതു്, അയാളുടെ കടമയാണെന്നു കരുതുന്നു; അങ്ങനെ സ്ത്രീധനമായി അതു കൊടുത്തില്ലെങ്കിൽ സ്ത്രീസന്താനങ്ങൾക്കു സ്വത്തിനവകാശമില്ലാത്തതിനാൽ, വേറെ വിധത്തിൽ അതു സ്വത്തു പങ്കിട്ടുകൊടുക്കുന്നതിനു സാധിക്കാതെ വരികയും അങ്ങനെ പിതാവിന്റെ സ്നേഹാദരങ്ങളുടെ അടയാളമായിട്ട് യാതൊ

LIBRARY ARCHIVES Kerala Legislative Assembly

ന്നും അ സ്ത്രീക്ക് ലഭിക്കുന്നതല്ലാത്തതുമാകുന്നു. ഇങ്ങനെ കൊടുക്കുന്ന സ്ത്രീധനം, പക്ഷെ ഭർത്താവിന്റെ വീട്ടുകാർ അവരെ യഥോചിതം രക്ഷിക്കാതിരിക്കുകയാണെങ്കിൽ, ഉപയോഗിക്കുന്നതിനു ഒരു ഉപകരണമായിരിക്കുകയും ചെയ്യും. അതുകൊണ്ട്, ഞങ്ങളെ സംബന്ധിച്ചിടത്തോളം, സമുദായപരമായും തത്വപരമായും, സ്ത്രീധനം നിരോധിക്കാൻ പാടില്ല എന്നാണ് അഭിപ്രായം. ഇതൊക്കെ ശ്രദ്ധിച്ചിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി നാരായണിഅമ്മ ഈ ബില്ല് ഇവിടെ അവതരിപ്പിക്കുകയില്ലായിരുന്നു. ഞങ്ങളുടെ സമുദായത്തിലെ സംസ്കാരസംപന്നയായ മിസ്സ്. കെ. വി. മറിയക്കുട്ടി ബി. ഏ., ബി. എൽ., സ്ത്രീധന നിരോധനബിൽ അസംബ്ലിയിൽ അവതരിപ്പിക്കുവാൻ പോകുന്നതായിട്ടറിഞ്ഞു. സമുദായത്തിന്റെ അഭിപ്രായം അതായത് ക്രൈസ്തവ സമുദായം ഒന്നാകെ ഈ ബില്ലിനെ എതിർക്കുന്നതായി പത്രങ്ങളിലും മറ്റും പരസ്യം ചെയ്തിട്ടുണ്ട്. ഇതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. അതു് സഭയുടെ അറിവിനായി ഞാൻ വായിക്കുന്നു. ഈ അഭിപ്രായം കാഞ്ഞിരപ്പള്ളിയിൽ ഒരു മീറ്റിംഗ്ഗുകൂടി അവിടെ പാസ്സാക്കിയ പ്രമേയങ്ങളാണ്.

"അസംബ്ലിയുടെ കഴിഞ്ഞ യോഗത്തിൽ സംസാരിച്ചു തീർന്ന ശ്രീമതി നാരായണിഅമ്മയുടെ സ്ത്രീധന നിരോധനബിൽ ഇപ്രാവശ്യവും അസംബ്ലിയിൽ അവതരിക്കപ്പെടുമെന്നു കാണുന്നു. കാഞ്ഞിരപ്പള്ളിയിൽ നടന്ന അ. കേ. ക. കോൺഗ്രസ് വാർഷിക സമ്മേളനത്തിൽ വച്ചു നിയമിച്ച വനിതാ സബ്കമ്മറ്റിയുടെ പേക്ക് ഒരു പ്രസ്താവന നടത്തേണ്ടതു എന്റെ ധർമ്മമായി ഞാൻ വിചാരിക്കുന്നു. "സംസാരിച്ചുതീർന്ന" ഈ ബില്ലിന്റെ കഥ അതോടെ കഴിഞ്ഞു എന്ന ധാരണയിൽ ഇതേപ്പറ്റി പൊതുജനങ്ങൾ മൗനം ഭജിച്ചു പോരികയായിരുന്നു. അതിനശേഷം നടന്ന പല വനിതാ കോൺഫറൻസുകളിലും ഈ ബിൽ പ്രതിഷേധിക്കപ്പെടാതിരുന്നതിന്റെ കാരണം അതാണ്.

സുറിയാനി ക്രിസ്ത്യാനികളേയും ബ്രാഹ്മണരേയുമാണ് ഈ ബിൽ അധികവും ബാധിക്കുന്നതു്. അവരുടെ ഇടയിലാണു സ്ത്രീധനസമ്പ്രദായം നിലവിലുള്ളതു്. അവർ രണ്ടു കൂട്ടരും ഈ ബില്ലിനെ അനുകൂലിക്കുന്നില്ലാത്തതിനാൽ തികച്ചും സാമൂഹ്യ പരിഷ്കാരപരം മാത്രമായ ഈ ബില്ലിന്റെ ആവശ്യം ഇന്നത്തെ ഘട്ടത്തിൽ ഇല്ലതന്നെ. അവതാരകയായ ശ്രീമതി നാരായണിഅമ്മയുടെ ഉദ്ദേശം എത്രതന്നെ പ്രശംസാർഹമായിരുന്നാലും അവർ ഈ ബില്ലിന്റെ പരിധിയിൽപ്പെടാത്ത

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Varghese Ithac.]

സമുദായത്തിലെ അംഗവും കൂടെയായിരിക്കുന്നസ്ഥിതിക്കു-ഒരു മന്ത്രിക്കത്തെ യക്കാരിയായിരിക്കുന്ന നിലയ്ക്കു ഈ വയ്യാവേലി അടങ്ങയിരിക്കുന്ന ബില്ലിന്റെ പ്രയോക്തയാകാൻ അനഹ്യയാണു് എന്നു അഭിപ്രായപ്പെട്ടുവാൻ ഞാൻ അശേഷം ആശങ്കപ്പെടുന്നില്ല.

ഒരു സ്ത്രീക്കു അവളുടെ പിതൃകുടുംബത്തിൽ നിന്നു ലഭിക്കുന്ന ഏക അവകാശമാണു സ്ത്രീധനമാത്രം സിദ്ധിക്കുന്നതു്. അതുസ്സിൽ ലഭിക്കാവുന്ന ഏക അവകാശത്തെ ഈ ബിൽ നിയമദൃഷ്ട്യാ കുറ്റകരമാക്കുകയാണു് ചെയ്യുന്നതു്. പിതൃഗൃഹത്തിലും ഭർതൃഗൃഹത്തിലും സാമ്പത്തികമായി ഈ ബിൽ സ്ത്രീയെ കേവലം അടിമയാക്കിത്തള്ളുന്നു. അങ്ങനെ ഒരു സ്ത്രീക്കു കുടുംബത്തിലുള്ള നിലയുടേയും പദവിയുടേയും നാരായവേരറുത്തുകളയുന്നു.

വസ്തു പരിഗണനക്കൂടാതെ പണം മോഹിച്ചുള്ള വിവാഹം നിരുത്സാഹപ്പെടുത്തേണ്ടതുതന്നെ. പക്ഷെ സ്ത്രീധനം നിരോധിക്കുന്നതിലല്ല ഈ ലക്ഷ്യപ്രാപ്തി സ്ഥിതിചെയ്യുന്നതു. രോഗത്തേക്കാൾ ഉഷിച്ച ഒരു പ്രതിവിധിയാണിതു.

തികച്ചും നവ്യമായ ഒരു ജീവിതം അവലംബിക്കുവാനായി പിതൃഗൃഹംവിട്ടു ഒരന്യഗൃഹത്തെ ശരണം പ്രാപിക്കുന്ന ദശാസന്ധിയിൽ ഒരു പിതാവു തന്റെ പുത്രിക്കു് ആയിരം രൂപയിൽ കവിഞ്ഞ ഒരു തുക നൽകുന്നതു് കുറ്റകരമാകുന്നതു നീതിയോ ? അതു പ്രകൃതി നിയമത്തിനു തന്നെയും വിരുദ്ധമല്ലേ ? ഒരു സ്ത്രീക്കു ഇങ്ങനെ ഒരവകാശം എപ്പോഴെങ്കിലും നൽകുന്നുവെങ്കിൽ വിവാഹവേളയേക്കാൾ പറ്റിയ ഒരു സമയം അതിനു വേറെ ഏതാണു് ?

ബില്ലിലെ തത്വം പ്രകൃതിസിദ്ധമായ വാത്സല്യാദികർത്തവ്യങ്ങൾക്കുതന്നെയും വിരുദ്ധമാകയാൽ ഈ നിയമം അതിന്റെ ലക്ഷ്യത്തെക്കൂടെ പരാജയപ്പെടുത്താനാണിടയുള്ളതു. സ്ത്രീധനക്കാര്യത്തിൽ വിലപേശലുണ്ടാകുന്നുണ്ടെങ്കിൽ സ്ത്രീധന നിരോധനാവസ്ഥയിലും കരിഞ്ചന്തയുണ്ടാവുകതന്നെ ചെയ്യും. അങ്ങനെ നിയമതത്വം പരാജയത്തിലേക്കും.

ഈ പ്രശ്നത്തിൽ ക്രിസ്ത്യാനികൾതന്നെ ഒരു പരിഹാരമാർഗ്ഗം തേടിവരികയാണു്. പൊതുയോഗങ്ങൾ കൂടി വാദപ്രതിവാദങ്ങൾ നടത്തി നിയമസഭാമന്ദിരത്തിൽ ക്രൈസ്തവ മെമ്പറന്മാർ സപരമായ കമ്മറ്റികളേപ്പെട്ടുത്തി. അതിന്റെയെല്ലാം പരിണത ഫലമായിട്ടാണു് ട്രാവൻകൂർ-കൊച്ചിൻ ക്രിസ്ത്യൻ ആക്ടായ ക്രിസ്ത്യൻ പിൻതുടർച്ചാവകാശനിയമം പാസ്സാക്കിയതു്. അതിൽ സ്ത്രീധനമായി നൽകാവുന്ന പരമാവധി

LIBRARY ARCHIVES Kerala Legislative Assembly

തുകയ്ക്ക് ഒരു പരിധി വച്ചിട്ടുണ്ട്. അതായത് ഒരു പുരുഷന് ലഭിക്കുന്ന അവകാശവിഹിതത്തിന്റെ നാലിലൊന്നു അഥവാ @ ൦ ൦ ൦ രൂപാ ഇതിൽ കുറവേതാണോ അത്. വാഗ്ദത്തം ചെയ്യപ്പെട്ട സ്ത്രീധനത്തുക നൽകീട്ടില്ലായെങ്കിൽ അതു വസ്തുവിൽ സ്ഥാപിച്ചീടാക്കാമെന്നും വ്യവസ്ഥയുണ്ട്.

ചില പ്രത്യേക കുടുംബങ്ങളിൽ ചില കീഴ്നടപ്പുകളും ആചാരങ്ങളുമനുസരിച്ചു സ്ത്രീധനത്തുക നിശ്ചയിച്ചും നൽകിയും പോരുന്നു. ഇപ്പോഴാണെങ്കിൽ പണക്കെഴുപ്പും തഴപ്പുമുള്ള കാലം. ഓരോരുത്തർ അവരുടെ ഇഷ്ടവും യുക്തവും സൗകര്യവും അനുസരിച്ചു ഓരോ തുക സ്ത്രീധനമായി നൽകിപ്പോരുന്നു. തന്റെ പുത്രിക്കു തന്റെ സമ്പാദ്യത്തിൽ ഒരു പങ്കു നൽകുന്ന ഒരു പിതാവിനെ എന്തിനു് അക്കാരണത്താൽ ശിക്ഷിക്കുന്നു?

സ്ത്രീധനത്തിന്റെ നിർവചനം മേൽപറഞ്ഞ ക്രിസ്ത്യൻ പിൻതുടച്ചാവകാശനിയമത്തിൽ നൽകീട്ടുണ്ട്. അങ്ങനെ സ്ത്രീധനത്തെ അംഗീകരിക്കുന്ന ആ ബില്ലിലെ വകുപ്പിനെതിരായി വരുന്നു ഈ ബിൽ.

ക്രൈസ്തവ സമുദായ മദ്ധ്യത്തിൽ വലിയ ആഘാത പ്രത്യാഘാതങ്ങൾക്കു ഈ ബിൽ ഇടയാക്കും. ഈ ബില്ലിനു പ്രസക്തി നൽകിയാൽ ക്രൈസ്തവ മഹിളാമണികൾ അസംതൃപ്തരായി പാതിവ്രത്യത്തിൽ ഉചിതമായ ഒരു വീഥിയിലിനായി പ്രക്ഷോഭണ കോലാഹലം മുഴക്കും. അതു സമുദായമദ്ധ്യേ വലിയ അലങ്കോലങ്ങൾക്കും അസംതൃപ്തിക്കും സംമൂഹ്യമായ അസ്വാസ്ഥ്യങ്ങൾക്കും ഇടയാക്കും.”

പ്രധാനമായി ബ്രാഹ്മണരേയും ക്രൈസ്തവരേയുമാണ് ഈ ബിൽ ബാധിക്കുന്നതു്. ഈ രണ്ടു കൂട്ടരും ഈ ബില്ലിനെ എതിർക്കുന്നതായിട്ടറിയാം. അങ്ങനെയിരിക്കെ ഈ ബിൽ ബാധിക്കാത്ത ഒരു സമുദായത്തിലെ പ്രശംസാർഹയായ ഒരു അംഗമെന്ന നിലയിൽ ശ്രീമതി നാരായണിഅമ്മയുടെ അഭിപ്രായം അനുകരിക്കുന്നതല്ലെന്നു് ധൈര്യസമേതം ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഈ സംഗതി പല പൊതുയോഗങ്ങളിലും വാദപ്രതിവാദം നടത്തിയതിനുശേഷമാണു് ഈ അഭിപ്രായം ക്രൈസ്തവർ പുറപ്പെടുവിക്കുന്നതു്. കാഞ്ഞിരപ്പള്ളിയിൽ വച്ചുനടന്ന കത്തോലിക്കാകോൺഫറൻസിൽ ഈ സംഗതി ക്ഷുണ്ണമായി പര്യാലോചിക്കയും ഞങ്ങളുടെ സമുദായത്തിനു് ഇതു് ആവശ്യമില്ലെന്നു് ഐകകണ്ഠ്യേന തീരുമാനിക്കയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ വേറെ ഒന്നു പറയുവാനുള്ളതു്, ഒരു നിയമത്തിൽ നിന്നും എക്സംപ്ഷൻ കൊടുക്കുന്നതിനെപ്പറ്റിയാണു്. ഒരു ബിൽ പാസാക്കുമ്പോൾ ആ ബിൽ എല്ലാപേരേയും ബാധിക്കത്തക്കവണ്ണമായിരിക്കുമോ എന്നു ആലോചിക്കേണ്ടതാണു്. അതല്ലെങ്കിൽ ൻ൯ ശതമാനത്തിനും എക്സംപ്ഷൻ കൊടുക്കേണ്ടിവരും. ക്രിമിനൽ ക്രിസ്ത്യൻ സക്സെഷൻ ആക്ടു് ഈ സഭയിൽ പാസാക്കിയപ്പോൾ ക്രൈസ്തവരുടെ ആകെയുടെയും അഭിപ്രായം ചോദിച്ചിട്ടില്ലായിരുന്നു. അതിന്റെ ഫലമായി പലർക്കും എക്സംപ്ഷൻ കൊടുക്കേണ്ടതായി വന്നു. ക്രിസ്ത്യൻ സമുദായത്തെ ബാധിക്കുന്ന ഒരു നിയമം നിയമമാക്കുമ്പോൾ ആ സമുദായത്തിന്റെ ഭൂരിപക്ഷാഭിപ്രായം അറിയേണ്ടതാണു്. അങ്ങനെ ചെയ്യാത്തതുകൊണ്ടാണു് ഈ എക്സംപ്ഷൻ കൊടുക്കേണ്ടിവരുന്നതു്. അതുപോലെ തന്നെ ഈ ബിൽ ബാധിക്കുന്ന ക്രിസ്ത്യൻസമുദായത്തിന്റെയും ബ്രാഹ്മണസമുദായത്തിന്റെയും അഭിപ്രായം അറിയാതെ ഈ ബിൽ പാസാക്കുകയാണെങ്കിൽ അവരിൽ ൻ൯ ശതമാനം ആളുകൾക്കും എക്സംപ്ഷൻ കൊടുക്കേണ്ടിവരും. പിന്നെ ഈ നിയമംകൊണ്ടു് എന്താണു പ്രയോജനം?

RAO SAHIB A. K. BHASKAR : സ്ത്രീകൾക്കും പിതാവിന്റെ സ്വത്തിനു അവകാശമുണ്ടു് എന്നു നിയമം ഉണ്ടാക്കിയാലോ?

MR. K. VARGHESE ITHAC : അതാണു് ഞാൻ ഇനി പറയാൻ പോകുന്നതു്. അതു് വ്യാവസായികമായിട്ടും പ്രായോഗികമായിട്ടും ഗുണകരമായിരിക്കുകയില്ല. ചങ്ങനാശ്ശേരിയിലുള്ള ഒരു സ്ത്രീയെ കാഞ്ഞിരപ്പള്ളിയിലോ കാഞ്ഞിരപ്പള്ളിയിലുള്ള ഒരു സ്ത്രീയെ ചങ്ങനാശ്ശേരിയിലോ വിവാഹംചെയ്തുകൊടുത്തു എന്നിരിക്കട്ടെ. വിവാഹംകഴിഞ്ഞു സ്ത്രീ ഭർത്താവിന്റെകൂടെയാണു പോകുന്നതു്. ചങ്ങനാശ്ശേരിയിലുള്ള സ്ത്രീക്കു് അവിടെ കിട്ടുന്ന സ്വത്തു് അവർ കാഞ്ഞിരപ്പള്ളിയിൽ ഭർത്താവിന്റെ ഗൃഹത്തിലിരുന്നുകൊണ്ടു് എങ്ങനെയാണു നോക്കാൻ സാധിക്കുക? ഒന്നാമതു് സ്വത്തുക്കൾ ഖണ്ഡംഖണ്ഡമായി മുറിക്കുകയാണെങ്കിൽ ആർക്കും ഒരാദായവും ലഭിക്കാത്തനിലയിലായിപ്പോകും. രണ്ടാമതു് ഒരു സ്ഥലത്തുള്ള സ്വത്തു് മറ്റൊരു സ്ഥലത്തുനിന്നു ഭരിക്കേണ്ട ഗുമതല. അതും വിശേഷിച്ചു് സ്ത്രീക്കു്. ഇതാണു് ഇതിനുള്ള ഒരു തടസ്സം. പിന്നെ പിതാവിന്റെ കാലശേഷം, അതായതു് മകളുടെ വിവാഹം കഴിഞ്ഞിട്ടു മുപ്പതോ മുപ്പത്തഞ്ചോ കൊല്ലത്തിനുശേഷം ലഭിക്കുന്ന സ്വത്തു് നേരത്തേ ലഭിക്കുന്നതായിരുന്നാൽ അതുപയോഗിച്ചു് വ്യവസായമോ കച്ചവടമോ ചെയ്തു് അവരെ വളർത്തിക്കൊണ്ടുവരാൻ സാധിക്കും. സ്വത്തു് ഭാഗിക്കുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിൽ പിതാവിന്റെ കാലശേഷമേ പാടുള്ളുവല്ലോ. അല്ലാതെ കൊടുക്കുകയാണെങ്കിൽ സ്ത്രീധനമായിട്ട കൊടുക്കുവാൻ ഒക്കുകയുള്ളു. അതിനാൽ ഏതുകൊണ്ടുനോക്കിയാലും സാമുദായികമായിട്ടായാലും പ്രാദേശികമായിട്ടായാലും മറുതരത്തിലായാലും ഞങ്ങളുടെ സമുദായത്തിന് ഈ ബിൽ സ്വീകാര്യമല്ല.

MR. P. O. THOMAS : Is there any such legislation in the Cochin State or British India?

MR. K. VARGHESE ITHAC : കൊച്ചിയിൽ ഈ മാതിരിയുള്ള ഒരു ബില്ലില്ല.

MR. M. K. NILAKANTAN : ഈ ബിൽ സെലക്ട് കമ്മറ്റിക്ക് അയക്കുന്നതിൽ വല്ല തരക്കേടും ഉണ്ടോ?

MR. K. VARGHESE ITHAC : അതിനുമുമ്പേ തള്ളണമെന്നാണ് എന്റെ അഭിപ്രായം. ഈ ബിൽകൊണ്ട് ഉപയോഗമുണ്ടാകണമെന്നുള്ള സമുദായങ്ങൾക്ക് ഇതു് ആവശ്യമില്ലെന്നു പറയുമ്പോൾ എന്തിനാണ് സെലക്ട്കമ്മിറ്റിക്ക് അയക്കുന്നതു്? അതിനാൽ ഞാൻ ഈ ബില്ലിനെ സർവ്വശക്തിയുമുപയോഗിച്ചു് എതിർക്കുന്നു.

MR. V. I. IDICULA : ശ്രീമതി നാരായണിഅമ്മ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന സ്ത്രീധനനിരോധന ബില്ലിനെ എതിർക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. ഈ സ്ത്രീധനനിരോധനബിൽ ക്രിസ്ത്യാനികൾക്കു വളരെ വിഷമം ഉണ്ടാക്കുന്ന ഒരു ബില്ലാണെന്നു് എന്റെ ചില മാന്യസ്നേഹിതന്മാർ പറയുകയുണ്ടായി. ഈ അവസരത്തിൽ എനിക്കു മറ്റൊരു കാര്യമാണു് പറയുവാനുള്ളതു്. നിർഭാഗ്യവശാൽ ഇതൊരു തെറ്റിദ്ധാരണയുടെ കാലമാണെന്നനാട്ടിൻ പുറത്തുള്ളവർക്ക് അറിയാം. ക്രിസ്ത്യാനികൾ ബഹുഭ്രൂരിപക്ഷവും ഇവിടെ അടുത്ത കാലത്തു് നടക്കുന്ന നിയമനിർമ്മാണത്തെ സംശയദൃഷ്ടിയോടുകൂടി വീക്ഷിക്കുന്ന ഈ അവസരത്തിൽ—പ്രാഥമികവിദ്യാഭ്യാസം കാർഷികോന്നതി മുതലായവ ക്രിസ്ത്യാനികൾക്ക് എതിരായികൊണ്ടുവന്നിട്ടുള്ള ഈ അവസരത്തിൽ...

PRESIDENT : Is it necessary to start this kind of discussion at this juncture? What the honourable member said is not accurate. In the first place, so far as primary education is concerned, a vote was taken in the House and the members who voted for it did not belong to any one community but to all communities. It was after taking a vote of this House that the decision was passed.

LIBRARY ARCHIVES Kerala Legislative Assembly

[President.]

With regard to Agricultural Incometax, the decision was practically unanimous on the part of the House. Though there was a dissentient minority, it was a very small minority. If you are raising the same question we shall have to go through the same discussions.

MR. V. I. IDICULA : അങ്ങനെ ക്രിസ്ത്യീയസമുദായത്തിൽപെട്ട കുറെ ആളുകൾ നിർഭാഗ്യവശാൽ തെറ്റിദ്ധരിച്ചിട്ടുണ്ട് എന്നാണ് എനിക്ക പറയുവാനുള്ളത്.

RAO SAHIB A. K. BHASKAR : ബഹുമാനപ്പെട്ട മെമ്പറിനു തെറ്റി ദ്ധാരണയുള്ള അവകാശമുണ്ടോ?

MR. V. I. IDICULLA : ഞാൻ പറയുന്നത് ക്രിസ്ത്യാനികളുടെ അഭി പ്രായമാണ്, അതു എന്റെ സമുദായത്തിന്റെ അഭിപ്രായമാണ്. അല്ലാതെ എന്റെ അഭിപ്രായമല്ല. അങ്ങനെയിരിക്കുന്ന ക്രിസ്ത്യാനി കൾക്ക് ഈ ബിൽ ദോഷമാണ്. കൂടാതെ ഇതു സ്ത്രീധന ഏർപ്പാടിൽ ഉൾപ്പെടാത്ത ഒരാൾ ഈ ബിൽ കൊണ്ടുവന്നിക്കുന്നതുകൊണ്ടു തന്നെ ഇതിൽ വേണ്ട തെറ്റിദ്ധാരണയുണ്ടെന്നും ഈ ബിൽ പാസ്സാ ക്കുന്നപക്ഷം സമാധാനഭംഗം ഉണ്ടാകുന്നതിനുംകൂടി ഇടയാകുമെന്നുള്ള തിനാൽ ഈ സഭ ഈ ബിൽ പാസ്സാക്കുവാൻ അനുവദിക്കുകയില്ലെന്നും ഞാൻ വിചാരിക്കുന്നു.

MR. P. K. KURIAKOSE (*Muvattupuzha* cum *Devicolam*) : ശ്രീമതി നാരായണിഅമ്മ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന സ്ത്രീധനനിരോധന ബില്ലിനെ ഞാൻ എതിർക്കുന്നു. സർ, ഈ ബിൽ ഇവിടെ അവതരി പ്പിച്ചിരിക്കുന്നത് ഇന്നത്തെ ... ...

PRESIDENT : Though one session has elapsed, this is a continuation of the debate on the last occasion. Many honourable members have already spoken on this matter.

MR. P. K. KURIAKOSE : ഇതിന് മുൻപു പറയാത്ത പുതിയ അഭി പ്രായങ്ങളാണ് ഇപ്പോൾ എനിക്കു പറയുവാനുള്ളത്.

PRESIDENT : I shall see if other fresh member wish to speak.

MR. PULIYOOR T. P. VELAYUDHAN PILLAI : സർ, ഈ അവസര ത്തിൽ ഈ ബില്ലിൽ അന്തർവഹിച്ചിട്ടുള്ള തത്വം ഈ സഭ സ്വീകരി ക്കണമോ വേണ്ടയോ എന്നുള്ള പ്രശ്നമാണ് യഥാർത്ഥത്തിൽ നമ്മെ അഭിമുഖീകരിച്ചിട്ടുള്ളത്. ഈ ബില്ലിൽ ഡൗറി എന്നുള്ള വാക്കിനു കൊടു ത്തിട്ടുള്ള നിർവചനം അതിനു നൽകിയിട്ടുള്ള എക്സപ്ലനേഷൻ അവസാനമായിട്ടുള്ള പന്ത്രണ്ടാമത്തെ വകുപ്പും കൂടി വിചേത്ത് ആലോ ചിക്കുകയാണെങ്കിൽ ഈ ബില്ലിന്റെ തത്വത്തോടു യോജിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

നിവൃത്തിയില്ലെന്നു പറയേണ്ടിരിക്കുന്നു. ഡൗറി എന്നുള്ള നിർവചനത്തിൽ "It includes the giving and receiving of presents in cash and kind" എന്ന് പറഞ്ഞിരിക്കുന്നു.

ഈ ബില്ലിന്റെ തത്വത്തോടു എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല എന്നു പറയേണ്ടിയിരിക്കുന്നു. ഒന്നാമതുസിവിൽ മാരിയേജ് ആക്റ്റു മുതലായ നിയമങ്ങൾ ഈ സഭയിൽനിന്നും പാസാക്കിയപ്പോൾ എല്ലാം അതിനു അനുകൂലമായി പുറപ്പെടുവിച്ച പ്രധാന വാദം ആ നിയമം കേവലം Permissive piece of legislation ആയിരുന്നു എന്നാണ്; അല്ലാതെ ഒരു സമുദായത്തേയോ ഒരു വ്യക്തിയെയോ ആ നിയമത്തിന്റെ പരിധിയിൽ നിർബ്ബന്ധമായി ഉൾപ്പെടുത്തുവാൻ അനുവദിക്കുന്നില്ല എന്നുള്ളതാണ്. എന്നാൽ ഈ നിയമം ഒരാക്റ്റായി പാസാകുന്ന പക്ഷം എല്ലാ സമുദായങ്ങളും നിർബന്ധിതമായി ഈ നിയമം അനുസരിക്കേണ്ടിവരുന്നു എന്നും ഈ നിയമം ലംഘിക്കുന്നവർ ശിക്ഷാർഹന്മാരായിത്തീരുന്നുവെന്നും ഈ ബിൽ വ്യക്തമാക്കുന്നുണ്ട്. ഇങ്ങനെയുള്ള ഒരു നിയമം പാസാക്കുന്നതിനെപ്പറ്റി, ബില്ലിന്റെ ഈ സ്വഭാവത്തെപ്പറ്റി, ഈ സഭ ഗാഢമായി ചിന്തിക്കേണ്ടതാണ്.

MR CHAZHIKKATTU JOSEPH: ഹിന്ദു സമുദായത്തെ ഒന്നാകെ ക്രോഡീകരിച്ചുകൊണ്ടു നിർമ്മിക്കുന്ന നിയമം ഈ സഭയുടെ പരിഗണനക്കു വരുമ്പോൾ ഈ കാര്യവുംകൂടി അതിൽ ഉൾപ്പെടുകയില്ലയോ?

MR. PULIYOOR T. P. VELAYUDHAN PILLAI: അതു അങ്ങിനെ വരുമ്പോൾ മാത്രം ആലോചിക്കേണ്ട ഒരു കാര്യമാണ്. അതു കൂടാതെ ഈ ബില്ലിന്റെ തത്വത്തെപ്പറ്റി പ്രത്യേകം പരിഗണിച്ചാലും ബിൽ സ്വീകാര്യമല്ലെന്നാണ് എന്റെ വാദം.

സർ, ഒരു വിവാഹത്തിൽനിന്നും ഒരു ഭാര്യക്കും ഭർത്താവിനും സന്താനങ്ങൾ ഉണ്ടാകുന്നു ചിലതു പുത്രന്മാരും ചിലതു പുത്രികളും ആയിരിക്കും. ഈ പുത്രന്മാർക്കോ അല്ലെങ്കിൽ പുത്രികൾക്കോ തങ്ങളുടെ പിതാവിന്റെ സ്വത്തിൽ, ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ അവകാശമുണ്ടായിരിക്കുക എന്ന തത്വം അല്ലെങ്കിൽ സംപ്രദായമാണ്; ഇന്നു എല്ലാ സമുദായങ്ങളും അംഗീകരിച്ചിരിച്ചിരിക്കുന്നതു്. തിരുവിതാംകൂറിൽ അധിവസിക്കുന്ന സമുദായങ്ങളിൽ ചില സമുദായങ്ങളുടെ നിയമവും നടപ്പും അനുസരിച്ചു പിതാവിന്റെ സ്വത്തിൽ പുത്രന്മാർക്കും പുത്രികൾക്കും ഒരുപോലെ അവകാശം ലഭിക്കുന്നുണ്ട്. അങ്ങിനെ പിതൃസ്വത്തിനു നേരിട്ടു അവകാശമില്ലാത്ത ചില സമുദായക്കാർക്ക് ഹിന്ദുലാ അനുസരിച്ചും, നിയന്ത്രണത്തിനു വിധേയമായി ക്രിസ്ത്യൻ ലാ അനുസരിച്ചും പിതൃസ്വത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puliyoor T. P. Velayudhan Pillai]

സ്ത്രീസന്താനങ്ങൾക്കുകൂടി അനുഭവയോഗ്യമാകുവാൻവേണ്ടി സ്ത്രീധനം എടുപ്പിച്ചിരിക്കുന്നു. ഇങ്ങനെ സ്ത്രീധനം വാങ്ങിക്കുവാൻ അവകാശമുള്ള സ്ത്രീസന്താനങ്ങൾക്കു പിതാവിന്റെ സ്വത്തിന് അവകാശമില്ല. പിതാവിന്റെ സ്വത്തിന് അവകാശമില്ലെന്നുള്ളതിനു ഒരു പരിഹാരമായിട്ടാണ് വിവാഹം കഴിഞ്ഞു ഭർതൃഗൃഹത്തിലേ അംഗമാകുന്ന പുത്രിക്കു സ്ത്രീധനം എന്ന പേരിൽ സ്വത്തു കൊടുക്കുന്നത്. ഈ നിയമം നടപ്പിലാക്കുന്നപക്ഷം അങ്ങനെയുള്ള യാതൊരുവക പ്രത്യേകസ്വത്തിനും സ്ത്രീസന്താനങ്ങൾക്കു അവകാശമില്ലെന്നുവരും. അവരുടെ പിതാവിന്റെ സ്വത്തിനു അവകാശം ലഭിക്കുന്നില്ല എന്നുള്ളതിനു പുറമേ വിവാഹവേളയിൽ കിട്ടുന്ന സ്ത്രീധനത്തിനു ഉണ്ടായിരുന്ന അവകാശവുംകൂടി ഈ നിയമംമൂലം നാമാവശേഷമായി ഭവിക്കും. ആ നിലയിൽ പിതൃസ്വത്തിനു അവകാശമില്ലാത്ത സമുദായത്തിലെ സ്ത്രീസന്താനങ്ങൾക്കു പിതൃസ്വത്തായി യാതൊന്നും അവകാശപ്പെടാൻ നിവൃത്തിമില്ലാതേയും വരുന്നു. അതിനാൽ ഈ നിയമം ഒരിക്കലും സ്വീകരിക്കാൻ പാടില്ലാത്തതാണ്.

മൂന്നാമതു ഒരാളിനു, ഒരു പുരുഷനോ സ്ത്രീക്കോ സ്വന്തനിലയിൽ സ്വാതന്ത്ര്യമായി വിനിയോഗം ചെയ്യാവുന്ന ഏതെങ്കിലും സ്വത്തു, ഭൂസ്വത്തായാലും ശരി, ജംഗമസ്വത്തായലും ശരി, ഇന്നവിധത്തിൽ വിനിയോഗിക്കാൻ പാടില്ലെന്നു ഈ നിയമം അനുശാസിക്കുന്നു. മറ്റു തരത്തിൽ പറഞ്ഞാൽ, തന്റെ പുത്രിക്കു ഏതെങ്കിലും സ്വത്തു സംഭാവന ചെയ്യുന്നതിനു ഒരു പുരുഷനോ സ്ത്രീക്കോ ആഗ്രഹം ഉണ്ടായിരുന്നാൽത്തന്നെയും അങ്ങനെ ചെയ്യുന്നതിനെ ഈ നിയമം തടയുന്നു.

PRESIDENT: Order, order. The Hindu law has got a law as to Streedhana, gifts during marriage, etc. There again, each community is following separate laws. As honourable members who have read the text may know, the original idea was that the father of the girl should give that girl with ornaments and presents to the boy. "अन्नं कनकसम्पन्नाम्" is the phrase they use. That altered in course of time and even now in certain parts of the country, such as Rajputana, it is entirely the other way. There are so few girls and so many boys that the parent of the boy gives a tremendous amount of money to the girl in order to get married. Therefore, where men are in excess and women are few, there is a different personal law such as in Rajputana and in the Punjab. There is no question of uniformity of Hindu Law in this matter. It is of course quite open to the Hindu Community to make up its mind that it will not accept dowries or that it will regulate dowries. That is a matter which the committee can certainly consider.

LIBRARY ARCHIVES Kerala Legislative Assembly

Mr. PULIYOOR T. P. VELAYUDHAN PILLAI : എന്നാൽ പുത്രിയെ ഒഴിവാക്കി മറ്റുള്ളവർക്ക് ഇഷ്ടംപോലെ അതു വകമാറ്റിച്ചെലവു ചെയ്യുന്നതിനോ യാതൊരു നിയന്ത്രണവും ഇല്ലതാനും. ഇതും അഭിലഷണീയമായ ഒരു സമ്പ്രദായമല്ല. ഇങ്ങനെയുള്ള നിർബന്ധനിയമവ്യവസ്ഥ ഒരു പരിഷ്കൃതസമുദായത്തിനും, പരിഷ്കൃതഗവണ്മെന്റിനും അനുയോജ്യമായിട്ടുള്ളതുമല്ല. കർത്താവിന്റെ സ്വത്തു മറ്റെല്ലാം വിധത്തിലുള്ള ഓർമാർത്ഥങ്ങളിൽക്കൂടി ചെലവാക്കുന്നതിനും അയാൾക്കു സ്വാതന്ത്ര്യമുണ്ട്. യാതൊരു നിയമവും അയാളെ അതിൽ നിന്നും ഒഴിവാക്കുന്നില്ല.

MR. K. K. CHELLAPPAN PILLAI : സ്വകാര്യസ്വത്തുക്കൾ സൂക്ഷിക്കുന്ന സമ്പ്രദായത്തെപ്പറ്റി ഇന്നത്തെ ലോകത്തിന്റെ അഭിപ്രായഗതി തന്നെ മാറിമാറി വരുകയാണെന്നു മനസ്സിലാക്കപ്പെട്ട മെമ്പർക്കറിയാമോ?

Mr. PULIYOOR T. P. VELAYUDHAN PILLAI : അതു് എനിക്കറിയാം. വേറെ പലതുമറിയാം. അതുകൊണ്ടു് സാമ്പത്തികമായ നിലയിൽനോക്കിയാലും ഈ നിയമം പാസ്സാക്കുന്നതു് അഭിലഷണീയമായിരിക്കുകയില്ല.

നാലാമതു് ഏതേതു സമുദായക്കാരാണോ ഈ നിയമംമൂലം സ്ത്രീധനസമ്പ്രദായം നിയന്ത്രണംചെയ്യേണ്ടിവരുന്നതു്, ആ സമുദായാംഗങ്ങളാണു് ഈ സ്റ്റേറിന്റെ വെളിയിലുള്ളവരുമായി ധാരാളം വിവാഹസംബന്ധത്തിൽ ഏർപ്പെട്ടുവരുന്നതായി നമുക്കറിയാം. ബ്രാഹ്മണർ, വെള്ളാളർ, ക്രിസ്ത്യാനികൾ മുതലായ സമുദായക്കാർ മദ്രാസിലോ, കൊച്ചിയിലോ മറ്റു സ്ഥലങ്ങളിലോ നിന്നു സാധാരണ ധാരാളമായി വിവാഹബന്ധത്തിൽ ഏർപ്പെടാറുണ്ടു്. ഈ നിയമം പാസ്സാകുന്നപക്ഷം എന്റെ അഭിപ്രായത്തിൽ ഇവിടത്തെ സാധുക്കൾക്കു് ഗുണത്തിൽ ഉപദ്രവമുണ്ടാകുന്നതാണു്. തിരുവിതാംകൂറിലുള്ള സാധുക്കൾക്കു് വിദ്യാഭ്യാസനിലയിലും, സാമ്പത്തികനിലയിലും. ഔന്നത്യമുള്ള ഒരു വരനെ അവരുടെ പുത്രർക്കു ലഭിക്കണമെന്നു് അത്യാഗ്രഹമുണ്ടെങ്കിൽ അതു തിരുവിതാംകൂറിൽനിന്നു ലഭിക്കുന്നില്ലാത്തപക്ഷം ക്ഷിപ്രസാദ്ധ്യമല്ലാത്ത ഒരു നിലയാണു് ഈ നിയമം വരുത്തിവയ്ക്കുന്നതു്. അന്യദിക്കുകളിൽ താമസിക്കുന്ന ഭർത്താക്കന്മാർ ഈ നാട്ടിലെ വധുക്കളുടെ കല്യാണം കഴിക്കണമെങ്കിൽ അവർക്കു സ്ത്രീധനം കൊടുക്കണം. അങ്ങിനെ സ്ത്രീധനം കൊടുക്കുന്നവർ ഈ നിയമം അനുസരിച്ചു് ശിക്ഷാർഹന്മാരായി ഭവിക്കുന്നു. അതുകൊണ്ടു് ഉത്കൃഷ്ടനിലയിലുള്ള ദാമ്പത്യബന്ധം ഉണ്ടാകുന്നതിനു് ഈ നിയമം ഒരു പ്രതിബന്ധമായിത്തീരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Poliyoor T P. Velayudhan Pillai.]

ന യും അവസാനമായി എനിക്കു പറയുവാനുള്ളത് ഈ വിഷയത്തെ സംബന്ധിച്ച് ഏറ്റവും ദോഷകരമായ ഒരു തത്വം ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നുള്ളതാണ്. ഏതൊരു നിയമം ഉണ്ടാക്കിയാലും ആ നിയമത്തിൽ നിന്നും രക്ഷപ്പെടുവാനുള്ള മാർഗ്ഗം ആരായുക എന്നുള്ളത് മനുഷ്യസ്വഭാവമാകുന്നു. ഈ നിയമംമൂലം ഒരു പിതാവ് ആയിരം രൂപായിൽ കവിയാത്ത സംഖ്യ മാത്രമേ ഒരു പുത്രിക്കു കൊടുക്കാവൂ എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. എങ്ങിനെയെങ്കിലും സ്വപുത്രിക്കു സ്വത്തു കൊടുക്കണമെന്നു ആഗ്രഹിക്കുന്ന പിതാവ് ഈ നിയമത്തിൽനിന്നും തൽക്കാലം ഒഴിയുന്നതിനുവേണ്ടി വാസ്തവവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നതിനു സ്വയം പ്രേരിതനായിത്തീരും. അതായത് അന്യരുടെ വക വസ്തുക്കൾ ഈ പ്രകാരമുള്ള മത്സരങ്ങളിൽ നിന്നു നിവൃത്തിനേടുവാനും പുത്രിയുടെ സ്ത്രീധനാവകാശത്തിനായി കൃത്രിമമായി കരുതിയും എന്നാൽ അക്കാര്യം മറച്ചുവച്ചു മറ്റുള്ളവരുടെ പേരിൽ ചാരാക്കി എഴുതിവയ്ക്കുന്നതിനും ഇടയുണ്ട്. പക്ഷേ, കൂടുതൽ തുക തന്റെ പുത്രിക്കു കൊടുക്കണമെന്നു ഒരു പിതാവു ഉദ്ദേശിക്കുന്നപക്ഷം അപ്പോഴും ചാരരഹിതമാക്കുക എന്ന സമ്പ്രദായം അനുവർത്തിക്കേണ്ടതായിവരും. ഇങ്ങനെ അവനവന്റെ പേരിൽ കിടക്കുന്ന സ്വത്തുക്കൾ നിർബന്ധപൂർവ്വം മറ്റുള്ളവരുടെ പേരിൽ മാറ്റുവാൻ ഇവരുത്തുന്നു ഒരു പരിതഃസ്ഥിതി സൃഷ്ടിക്കാതിരിക്കാൻവേണ്ടിയെങ്കിലും ഈ നിയമം പാസ്സാക്കാതിരിക്കുകയാണു വേണ്ടതു്.

ശ്രീമതി നാരായണിഅമ്മ അഭിപ്രായപ്പെട്ടതുപോലെ ഇപ്പോൾ സ്ത്രീധനസമ്പ്രദായം നിലവിലിരിക്കുന്ന സമുദായങ്ങൾക്കും അതു ഒരു വ്യാധിപോലെ പടർന്നുപിടിച്ചിരിക്കുന്ന മറ്റു സമുദായങ്ങൾക്കും ഈ സമ്പ്രദായം വളരെ വിഷമതയും ദോഷവും ഉണ്ടാക്കുന്ന കാര്യമാണെന്നുള്ളതു് ഞാനും സമ്മതിക്കുന്നു. എന്നാൽ ഈ ബിൽ അതിനുമാത്രം പരിഹാരമുണ്ടാക്കുന്നതല്ല. ജനസംഖ്യയിലും, വിദ്യാഭ്യാസനിലയിലും, സാമ്പത്തികനിലയിലും വളരെ ഉയർന്നു നിൽക്കുന്ന പല സമുദായക്കാരും ഈ ബില്ലിനെ എതിർക്കുന്നു. അങ്ങിനെയുള്ളവരുടെ തലയിൽ ഇങ്ങിനെ ഒരു നിയമം, അതും പെർമിസ്സീവ് നെച്ചർ അല്ലാത്ത ഒരു നിയമം കെട്ടിവയ്ക്കുന്നതിൽ ഒരു ന്യായവും ശരിയല്ല. അതുകൊണ്ടു ഈ ബിൽ സഭ സ്വീകരിക്കുവാൻ പാടില്ലാത്തതാണ് എന്റെ അഭിപ്രായം.

DR. T. M. VARGHESE PILLAI: From the speakers, the House understand that very few people object to the principle of this Bill.

LIBRARY ARCHIVES Kerala Legislative Assembly

But it is only on the details that they have got objections Mr Velayudhan Pillai spoke of certain sections of communities that are not represented here. I think almost all the prominent communities who are against or opposed to this bill are represented in this House namely the Christians and Brahmins.

MR. P. K. KURIAKOSE: This gentleman seconded the Bill in the previous Session.

PRESIDENT: Have you already spoken?

MR. M. R. RAMAKRISNA PILLAI: No Sir, I have not spoken. I submit that this bill may be referred to the Select Committee where it could be thrashed out.

MR. J. T. MORAES (*Neyyattinkara* cum *Trivandrum*): This is admittedly a piece of social legislation affecting large sections of His Highness's subjects. As a piece of social legislation there ought to be a united, persistent demand from that section which is going to be affected by the passing of this Bill into law. Taking for instance the Christian Succession Act we find that it was only in response of persistent agitation on the part of a certain section of people which wanted that law, that action has been taken. In passing the Christian Succession Act there was a united demand from all sections of Christians for such a piece of legislation. Because of that demand a committee was set up and that committee travelled through out Travancore gathering the opinion of the leading members of the community and then only the Bill was drafted and was presented before the legislature. There it was really a question of legislation on matters of succession or inheritance but this is a piece of legislation which seeks to destroy law and customs prevailing now which are considered as very important among certain communities. Not only that, as some honourable members have pointed out, this Bill, if passed into law, would contravene the provisions of the Christian Succession Act. Then it would necessitate the amendment of The Christian Succession Act. But that has not been spoken of. The Christian Succession Act has not been touched neither has it adverted to the Hindu law. What has happened is this: All on a sudden a certain Bill has sprung up on the Legislature. The honourable member who intended to bring this Bill could have advertised her intention in the papers or could have vented her views on platforms and tried to gauge public opinion. That has not been done. The communities affected have been taken by surprise. The Christians have expressed their opinion that this bill is against their interests. I take it that the other community affected by this bill, namely the Brahmin community, feel, though nobody has spoken on behalf of that community on the floor of this House, that this bill is against their interests too. What I would have expected.....

PRESIDENT: Has not the honourable Mr. C. S. Lekshmana Aiyar spoken on this bill? Is that not so?

MR. C. S. LAKSHMANA AIYAR: Yes, Sir and Mr. S. Krishna Aiyar also.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: But I don't remember whether he supported it or opposed it.

SECRETARY: Opposed it.

MR. J. T. MORAES: So I am on firmer ground. I understand that the other honourable member, that is, the other Brahmin non-official member also spoke opposing this measure. Such being the case, I think it would have been better on the part of the honourable member who moved this bill to have withdrawn it earlier. Anyhow, I was only dwelling on the point that the communities affected have been taken by surprise. There was no attempt to ascertain their opinion earlier. And it goes against their long standing customs. The vocal opinion of the Christian women is seen from a letter published in the local papers by Miss. Mariakutty. It seems to be against the passing of this bill into law. If I am not mistaken that letter which was published represents the feelings of the Christian women. One of the honourable members expressed the opinion that there was no Christian lady coming forward to oppose the bill. It must be noted that there has been no lady supporting it too. Almost all the ladies in this town must have read that article by Miss Mariakutty and if they were in favour of the bill, they would have contradicted the suggestions of Miss Mariakutty.

MR. CHAZAIKKATTU JOSEPH: കത്തോലിക്കാ കാൺഗ്രസ്സിന്റെ കാഞ്ഞിരപ്പള്ളിയിൽവച്ചു നടന്ന വാർഷികയോഗത്തിലെ സ്ത്രീസമ്മേളനത്തിൽ ഈ ബില്ലിനെ എതിർത്തു ഒരു നിശ്ചയം പാസാക്കിയിട്ടുള്ള വിവരം മെമ്പർക്ക് അറിയാമോ?

MR. J. T. MORAES: I read in the papers that there was a resolution. So it is seen that at the meeting of the Catholic ladies in Kanjirappally there was a resolution against this bill. Hence it follows that the two communities who stand to be affected by this bill have opposed the principle of the bill, not only the male section, but the female section, at least of one community.

Coming to the principles of this bill, we find that it seeks to cut at the independence of the women. When dowry is given for a girl, she has got a standing in her husband's family. She feels she has something to fall back upon, if any unfortunate circumstances occur. Not only that, the parents are happy to give that amount of money or property to their daughters. It is because they feel that their female children want more protection than their male children. It is because of the ingrained affection born of this feeling that the female child requires greater protection than the male child that the father is happy to give her a dowry. The root of the matter springs from human nature, it is only out of this love that this custom of dowry has come into vogue.

Not only this. This legislation goes against the Christian Succession Act. The Christian Succession Act provides that when a girl is married away with a dowry, she does not inherit anything

LIBRARY ARCHIVES Kerala Legislative Assembly

from her father. In case she is not married away with a dowry, she is entitled to one-fourth the share of the son. That is the provision in the Christian Succession Act.

MR. P. O. THOMAS: May I know whether the practice of giving dowry is approved by the Christian Churches and the Christian hierarchy.

MR. J. T. MORAES: The practice of giving dowry is approved by he Christian Churches and the Christian hierarchy.

MR. M. L. JANARDANAN PILLAI: Is not a portion of the dowry going to the Church ?

MR. J. T. MORAES: In some cases, they may make a gift at the time of the marriage.....

MR. P. O. THOMAS: Does the member think that the portion goes to the church or only to the offiiciating priest ?

MR. J. T. MORAES: The honourable member's apprehension is that the income derived by the Church from this dowry system will be lost in future. That is not my fear. The Church has got many other ways of income. Further this income is only very meagre and absolutely negligible, because usually the dowry given especially in North Travancore does not exceed two or three thousand rupees.

MR. P. K. KURIAKOSE: സ്ത്രീധനം കൊടുക്കാൻ നിവൃത്തി ഇല്ലാത്തവരെ സഹായിക്കേണ്ടതിലേക്കായിട്ടാണല്ലോ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

MR. J. T. MORAES: Further the honourable member Mr. Puliyoor T. P. Velayudhan Pillai has pointed out that it affects the inherent rights of a man to do whatever he likes with his property. (President's bell.)

RAO SAHIB A. K. BHASKAR: ശ്രീമതി നാരായണിഅമ്മ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിന്റെ തത്ത്വത്തോട് യോജിക്കുവാൻ എനിക്കു സന്തോഷമുണ്ട്. സർ, സ്ത്രീധനസമ്പ്രദായം ഒരു ദുഷിച്ച ഏർപ്പാടാണ്. അതിനു രണ്ടുപക്ഷമില്ല. എന്നാൽ സ്ത്രീധനസമ്പ്രദായം വിരോധിച്ചിട്ടുള്ള മുസ്ലീം സമുദായത്തിൽപോലും ആ ഏർപ്പാട് പടർന്നിട്ടുണ്ട്. മുസ്ലീങ്ങളുടെ ഏർപ്പാട് പുരുഷൻ സ്ത്രീയ്ക്ക് വരാഹൻ (ധനം) കൊടുക്കുകയെന്നതാണ്. സ്ത്രീധനം കൊടുക്കാൻ പാടില്ലെന്നു അവരുടെ മതനിയമം ശാസിക്കുന്നുണ്ടെങ്കിലും മുസ്ലിങ്ങളുടെ ഇടയിലും സ്ത്രീധനസമ്പ്രദായം നടപ്പുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർ മി. മഹമ്മദുതന്നെ പ്രസ്താവിക്കുകയുണ്ടായി.

MR. P. K. KUNJU: മുസ്ലീം സമുദായത്തിൽ ഈ സമ്പ്രദായം ഇപ്പോൾ പുരുഷന്മാർ ഒരു ആചാരമായി നടത്തുന്നതേയുള്ളുഎന്നു മെമ്പർക്കറിയാമോ?

RAO SAHIB A. K. BHASKAR: എല്ലാ സമുദായക്കാരും ഒരു ആചാരമായിത്തന്നെ നടത്തുന്നു. ഇതിനു നിയമമില്ല. എന്നാൽ ഈ ആചാരം

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിയമമാക്കിത്തീർക്കുവാൻവേണ്ടി, അല്ലെങ്കിൽ അതിനെ തടയുന്നതിലേക്ക് ഒരു നിയമമുണ്ടാക്കുവാൻവേണ്ടി, ഒരു ബിൽ നിയമസഭയിൽ കൊണ്ടുവരേണ്ട ആവശ്യം ഉണ്ടോ എന്നു ചോദിച്ചാൽ, ഇല്ലാ എന്നാണ് എനിക്കു പറയുവാനുള്ളത്. അങ്ങനെ ഒരു നിയമമുണ്ടാക്കിയാൽ തന്നെയും ധനവാന്മാർ ആതിൽ നിന്നും രക്ഷപ്പെട്ടുവാനുള്ള മാർഗ്ഗം തേടും. പാവപ്പെട്ടവർ ബുദ്ധിമുട്ടും. പെൺവഴി മക്കൾക്ക് സ്വത്തവകാശമില്ലാത്ത ചില സമുദായങ്ങളും ഇവിടെയുണ്ട്. ബ്രാഹ്മണർ, ക്രിസ്ത്യാനികളും എന്നീ സമുദായങ്ങളിലെ പെൺവഴി മരുമക്കൾക്കു പിതൃസ്വത്തിനവകാശമില്ലാത്ത നിയമമാണ് ഇന്നു നിലവിലിരിക്കുന്നത്. ഇവിടെ ഒരു ഡൈൽഡ് മാരേജ് ആക്ട് ഉണ്ടായി. ആക്ട് നടപ്പിൽ വന്നതിനു ശേഷം കഴിവുള്ളവർ പലരും പുതുക്കോട്ടയിലും മറ്റും പോയി അവരുടെ പെൺകുട്ടികളെ കല്യാണം കഴിച്ചു കൊടുത്തിട്ടുള്ളതായറിയാം. ഇങ്ങിനെ ഒരു നിയമമുണ്ടാക്കിത്തീർത്താൽ കൂടുതൽ വിഷമം അനുഭവിക്കേണ്ടിവരുന്നത് പാവപ്പെട്ടവരാണ്. സ്ത്രീധനം എർപ്പാട് ഒരു നിയമത്താലല്ലാതെതന്നെ ഇല്ലാതാക്കുവാൻ ശ്രമിക്കേണ്ടതാണെ. ഇപ്പോഴും, സാമാന്യം കൊള്ളാവുന്ന ഒരു വരനെകിട്ടാൻവേണ്ടി വധുവിന്റെ രക്ഷകർത്താക്കൾ ഒരു നല്ല തുക സ്ത്രീധനംകൊടുക്കുന്ന സംപ്രദായം എല്ലാ സമുദായക്കാരുടെ ഇടയിലും ബാധിച്ചിട്ടുണ്ട്.

MR. K. A. MOHAMED : ഈഴവ സമുദായത്തിലും ഇതു ബാധിച്ചിട്ടുണ്ടോ?

RAO SAHIB A. K. BHASKAR : ഈഴവസമുദായത്തിലും നല്ല വരനെകിട്ടണമെന്നാഗ്രഹമുള്ളവർ സ്ത്രീധനം കൊടുക്കാറുണ്ട്. ഇതിൽ നിന്നും രക്ഷ നേടണമെങ്കിൽ സ്ത്രീകൾ സംഘടിക്കണം. അവർ സംഘടിച്ച് സ്ത്രീധനം ആവശ്യപ്പെടുന്ന പുരുഷനെ ഭർത്താവായി സ്വീകരിക്കുകയില്ല എന്ന് നിശ്ചയം ചെയ്യണം. സ്ത്രീകൾ അങ്ങനെ സംഘടിക്കുന്നപക്ഷം അവർക്ക് അവരുടെ അഭിമാനം പുലർത്താനും കഴിയും. സാമർത്ഥ്യമുള്ള സ്ത്രീകൾക്ക് രാജ്യമുപേക്ഷിച്ച ചക്രവർത്തിതിരുമനസ്സിനെപ്പോലെ ഉള്ള പുരുഷന്മാരെ ലഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഞാൻ പറയുന്നത്, സ്ത്രീകൾ സ്ത്രീധനം കൊടുത്തുള്ള വരന്മാരെ സ്വീകരിക്കരുത്. സ്ത്രീകൾ 'ലവ്' ചെയ്ത് സമർത്ഥന്മാരായ വരന്മാരെ സമ്പാദിക്കുകയാണ് വേണ്ടത്. നമ്മുടെ ചക്രവർത്തിയായിരുന്ന ദേഹം തന്നെ അദ്ദേഹത്തിന്റെ രാജ്യവും കിരീടവും ഉപേക്ഷിച്ച് അദ്ദേഹത്തെ 'ലവ്' ചെയ്ത മഹതിയെ ഭാര്യയായി സ്വീകരിച്ചു. ഇങ്ങിനെയായാൽ സ്ത്രീകൾ സ്ത്രീധനം കൊടുത്തു വരനെ സ്വീകരിക്കേണ്ട ആവശ്യം വരികയില്ല. സ്ത്രീധനം കൊടുത്തു വരനെ സ്വീകരിക്കയില്ല എന്നു വ്രതമെടുത്തു് അതിനുവേണ്ടി പ്രചാരണവേല ചെയ്യുന്നതു് സമുദായത്തിനും രാജ്യത്തിനും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന ഒരു നല്ല പ്രവൃത്തിയായിരിക്കും. അതുകൊണ്ട് ഈ ബിൽ ഒരു നിയമമാക്കിത്തീർക്കുന്നതിനെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു.

MR. P. K. KUNJU : വിവാഹം ചെയ്യുന്നതിനുമുമ്പ് ലഘു ചെയ്യുന്നതു കൊണ്ട് സ്ത്രീകൾക്ക് സ്ത്രീധനം കൊടുക്കേണ്ട എന്നാണോ മെമ്പർ പറയുന്നത്?

RAO SAHIB A. K. BHASKAR : സ്ത്രീധനം കൊടുക്കാതെ തന്നെ ഇവർ തമ്മിൽ വിവാഹം നടത്തിക്കൊള്ളും.

ADJOURNMENT MOTION.

MR. M. L. JANARDANAN PILLAI: Sir, before I move my adjournment motion, with your permission I wish to bring the following matter to the kind notice of the Chair and the Government.

Sir, in the Prabhatham newspaper of this day, I find the following :—

> "The Coir Factory Workers' Union, decided on 17th Adi that they propose to declare a general food strike from 7th August. The strike appears to be for securing more food, sugar and clothing from Government and not due to any complaints they have against factory owners. But the net result will be complete dislocation of all business, in that area....."

PRESIDENT : I have just heard about that.

MR. M. L. JANARDANAN PILLAI: Sir, this is a serious situation and I request Government will be pleased to take necessary steps for averting such a strike, especially because they have no grievances against employers. If this is not somehow or other settled amicably and the strike averted, there may be inconvenience, loss and trouble to the country as a whole.

PRESIDENT: It is in pursuance of the order for a general strike throughout India that the various organizations are attempting to organise strikes.. The Government will have to face such a situation and there is no getting away from that fact. Governments in other States and Provinces and the Government of India also will have to face the situation of a general strike that arises in various forms in the several departments under them. Now we have had the 'postal strike.' It has been almost settled, but the Telegraph people say that they are not bound by that settlement. Until separate negotiations are started with them, the Telegraph people say that they will not resume work. The Imperial Secretariat Association at Delhi have notified Government to the effect that they will begin their strike soon. The S. I. R. employees have sent a notice to their General Manager Sir Reynolds intimating that they will go on strike from the 15th of August and nobody will work thereafter till their demands are heeded to. The General Manager in turn has given notice to the people asking them not to begin their travel from that day, so that the Railway may not be placed in an awkward position. That is the kind of thing now going on and every Government will have necessarily to take hold of the situation and manage it. But so far as this Government is concerned, if the workers have not quarrelled with the management and do not enter

LIBRARY ARCHIVES Kerala Legislative Assembly